പറയാതെ സാധനങ്ങളുടെ വില നോർമൽ ആകുമ്പോൾ ദയവുണ്ടായി ആലോചിക്കുമെന്നാണ് പറയുന്നത്. ദിവാൻ പ്രസിഡണ്ടിന് ഈ കാര്യം മനസ്സിലായിട്ടുണ്ട്; അടുത്ത അവസരത്തിൽതന്നെ അതു പരിഹരിക്കപ്പെടുമെന്നുള്ള പൂർണ്ണ വിശ്വാസത്തോടും, ധനകാര്യ മെമ്പറുടെ ഒഴിഞ്ഞുമാറാനുള്ള പ്രസംഗം മാത്രം വിശ്വസിച്ചുകൊണ്ട് പ്രവൃത്തിക്കുകയില്ലെന്നുള്ള വിശ്വാസത്തോടും കൂടി ഞാൻ ഇതു സഭയുടെ അനുവാദത്തോടുകൂടി പിൻവലിക്കുന്നു.

Cut Motion by leave withdrawn

CUT MOTION No. 2

Appointment of Depressed Classes Graduates in the Huzur Secretariat

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: സർ, അധഃകൃതരുടെ ഒരവകാശത്തെ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഈ ഖണ്ഡനോപക്ഷേപം ഇവിടെ കൊണ്ടു വന്നിട്ടുള്ളത്. അധഃകൃതരിൽനിന്ന ഇതിന്നകം ബി. എ. പാസ്സായിട്ടുള്ളവർ അംഗുലീ പരിമിതമാണ്. അവർ എല്ലാപേരും ഉദ്യോഗാർത്ഥികളായി ഗവൺമെണ്ടിന്റെ മുമ്പാകെ പെട്ടിട്ടുമില്ല. ബി. എ. പാസ്സായവരോട്—ഗവൺമെണ്ടിന്റെ സഹായത്തോടുകൂടി പാസ്സായവരോട്—ഒരു സന്മനോഭാവം കാണിക്കണമെന്നാണ് ഞാൻ ഈ പ്രമേയം കൊണ്ട് ആവശ്യപ്പെടുന്നത്. ഏതൊരാൾ ബി എ. ബിരുദധാരി ആയാലും, ഉദ്യോഗത്തിന്ന അഹ്നായാൽ ആ ആൾ ഹുജൂർ കച്ചേരിയിൽ കയറിപ്പറ്റാൻ സാധാരണ ആഗ്രഹിക്കുക പതിവാണ്. കാരണം മറ്റു ഡിപ്പാർട്ട്മെൻറുകളെ അപേക്ഷിച്ചു അവിടെ ചില പ്രത്യേകതകളും ഉള്ളതുകൊണ്ടുതന്നെ. ബി. എ.കാരനല്ലാത്ത ഒരാൾക്കും അവിടെ കടക്കാൻ പാടില്ലാത്ത തരത്തിൽ അവിടത്തെ നിബന്ധനകളും മറ്റുള്ളവരുടെ മേൽ ഉറിച്ചു നോക്കികൊണ്ടിരിക്കുന്നു. ആ സ്ഥിതിക്കു ബി. എ.കാരനായ ഒരാൾക്കു അവിടെ ഉദ്യോഗം കൊടുക്കുന്നതിനും, അങ്ങിനെ ഞങ്ങൾക്കും പ്രാതിനിദ്ധ്യം തരുന്നതിനും വാസ്തവത്തിൽ ഞങ്ങൾ പറയുന്നതിന മുമ്പുതന്നെ ഗവൺമെണ്ടു ആലോചിക്കേണ്ടതായിരുന്നു. സർ, ഷൺമുഖം ദിവാൻജി ആയിരുന്നപ്പോൾ ക്ഷേത്രപ്രവേശനത്തെ കുറിച്ച് അവശസമുദായങ്ങളുടെ ഒരു സമ്മേളനത്തിൽ അദ്ദേഹം അസന്നിഗ്ദ്ധമായ ഭാഷയിൽ പറഞ്ഞതു "നിങ്ങൾക്കു ക്ഷേത്രപ്രവേശനത്തേക്കാൾ ഏറ്റവും ഉപകാരപ്രദമായിരിക്കുന്നതു ഹുസൂർ ക്ഷേത്രപ്രവേശനമാണു; നിങ്ങൾ ആദ്യം അതിനായി ശ്രമിക്കുക, അതു നിങ്ങൾക്കു ലഭിക്കാൻ കഴിഞ്ഞാൽ സാമുദായികമായ നിങ്ങളുടെ ഉയർച്ചക്കും, സാമ്പത്തികമായ ഉയർച്ചക്കും, അങ്ങിനെ മറെറല്ലാതരത്തിലുള്ള അവശതയിൽനിന്നുള്ള ഉയർച്ചക്കും സാദ്ധ്യമാണെന്നാണു"".

സർ, എന്നാൽ ഞങ്ങൾക്കു ഇന്നു ആ ക്ഷേത്രത്തിൽ പ്രവേശനം ഇല്ല. എങ്ങിനെയൊരാൾ ആ ക്ഷേത്രത്തിൽ അറിഞ്ഞോ അറിയാതേയൊ ഒന്നു കടന്നു. ഒരുമാസം കഴിഞ്ഞപ്പോൾ അയാൾ അവിടെനിന്ന—കൊച്ചിയുടെ തെക്കെ അറ്റത്തുനിന്ന വടക്കെ അറത്തു—ചിറ്റൂർ താലൂക്കിൽ വഴി തിരിഞ്ഞു തിരുവഴിയാടിൽ ഒരു തൊട്ടാവാടി സ്കൂളിലെ പി. ന. ടീച്ചറായി മാറുകയാണു ചെയ്തതു. പി. ന ടീച്ചർ എന്ന പറഞ്ഞാൽ ഫ൭ രൂപ ശമ്പളം വാങ്ങി അല്പപ്പട്ടിണിക്കു ശീട്ടെടുത്തിട്ടുള്ള ഒരു ഉദ്യോഗസ്ഥൻ എന്നാണു അർത്ഥം. എന്നാൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ ഡയറക്ടരുടെ സ്നേഹമസ്പുണമായ സന്മനോഭാവത്താൽ ആ വ്യക്തി ഒരു എൽ. ന ടീച്ചറായി അവിടെനിന്ന രക്ഷനേടി.

ഈഴവർ, വാലന്മാർ മുതലായ അവശ സമുദായങ്ങൾക്കു ഇന്നവിടെ ഹുജൂരിൽ പ്രാതിനിദ്ധ്യം അനുവദിച്ചു കൊടുക്കുന്നുണ്ട്. ഹുസൂർ ഒഴിച്ചു മറ്റുള്ള ആഫീസുകളിൽ ൨൫-൪൦ ഗ്രേഡിൽ പ്രവേശിക്കുന്ന ഒരാൾ അയാൾ മാക്സിമം ൪൦ രൂപ വാങ്ങി അവിടെനിന്ന കയറാമില്ലാതെ അതിൽതന്നെ ഇരുന്നു നരച്ചു മൂത്തു പെൻഷൻ പറ്റുന്നു. എന്നാൽ അതേ അവസരത്തിൽ ഹുജൂരിൽ ൨൫ രൂപയിൽ കടന്നുകൂടാനിടയായാൽ അയാൾ അതേകാലംകൊണ്ടു ൧൦൦ രൂപയിൽ എന്നല്ല, ൧൦൦-൧൫൦ ഗ്രേഡുള്ള ഒരു സൂപ്രണ്ടായി പെൻഷൻ പറ്റും എന്ന കാര്യത്തിൽ സംശയമില്ല. ആ ക്ഷേത്രത്തിൽ ഉയർന്ന ഉദ്യോഗങ്ങളിൽ—താക്കോൽ സ്ഥാനങ്ങളിൽ—കയറിപ്പറ്റാൻ അടുത്തകാലത്തെങ്ങും ഞങ്ങൾക്കു സാദ്ധ്യമല്ല.

അതിനാൽ ഞങ്ങൾ—അധഃസ്ഥിതർ—ആവശ്യപ്പെടുന്നതു ഞങ്ങളിൽനിന്ന ഒരു ക്ലാക്കിനെ അവിടെ നിയമിക്കണമെന്നാണ്. അതു ഞങ്ങളുടെ ഏറ്റവും പരിമിതമായ ഒരവകാശം മാത്രമാണെന്ന ഞാൻ ഗവൺമെണ്ടിനെ അറിയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷകർ ഉണ്ടായിരുന്നില്ലെന്നു പറഞ്ഞാൽ ഞാൻ സമ്മതിക്കുകയില്ല. ബി. എ പാസ്സായിട്ടുള്ളവരെ മറ്റു ഉദ്യോഗങ്ങളിൽ നിയമിച്ചിട്ടുണ്ട്. ഇനിഎങ്കിലും അവിടെ ഞങ്ങളിൽനിന്നു അപേക്ഷകരുണ്ടാകുമ്പോൾ ഞങ്ങളുടെ കാര്യം മറക്കരുതെന്നാണ് ഞാൻ ഗവ മെണ്ടിനോട് അപേക്ഷിക്കുന്നതു്. ഈ ഉപക്ഷേപം ഞാൻ സഭ മുമ്പാകെ അവതരിപ്പിക്കുന്നു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അധഃകൃതരിൽ ബി. എ. പാസ്സായവർ എത്രയുണ്ട്?

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: നൂ ആളുകൾ.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവർ ഇപ്പോൾ എവിടെ ആണ്?

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ൨ പേര് ഇവിടെ ജോലിയുണ്ട്. ബാക്കിയുള്ളവരിൽ നാ ആളുകൾ പുറത്തു ഉദ്യോഗത്തിലാണ്.

മിസ്റ്റർ വി. ആർ. കൃഷ്ണൻഎഴത്തച്ഛൻ: പ്രജാമണ്ഡലം പാർട്ടിയുടെ പേരിൽ ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

Mrs. Dakshayani Velayudhan *(Nominated)*: Sir, Yesterday in my budget speech I brought before this house the fact that our community has not get any representation in the Secretariat. It is quite natural that the graduates from our community aspire to get entry into that temple and that entry can be obtained without a Royal Proclamation. In many cases the Government have given many excuses and what excuse can the Government give when there are qualified hands in our community and that particularly when they wanted to enter the Secretariat. I should be very greatful if I am enlightened whether there is any special reason for not giving representations to our community in the Secretariat. I hope that our revered Diwan who understands our problem will see thet we are given proper representation there. The very fact that 3 Members from the Depressed Classes have been nominated to this Legislature to get or to wrest from the Government what right we have shows that our request will be kindly considered by the Diwan President, who is a representative of the Government' And in this manner I wish to support this Motion.

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, എന്റെ സമുദായത്തിന്റെ നിലയിലും നാഷണലിസ്റ്റ് പാർട്ടിയുടെ നിലയിലും ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സാധാരണയായി ഒരു പഴഞ്ചൊല്ലുണ്ട്. "കടലാസ്സിൽ കണ്ട പശു പുല്ല തിന്നുകയിലെ"ന്നു. ഗവമ്മെണ്ടിന്റെ നയത്തെ സംബന്ധിച്ചിടത്തോളം ഇങ്ങിനെയാണ് പബ്ലിക്ക സർവ്വീസിൽ ശരിയായ പ്രാതിനിദ്ധ്യമില്ലാത്ത സമുദായങ്ങളുടെ അവകാശസംരക്ഷണം നിരവേറിപ്പോരുന്നതെന്നു പറയാതെ നിവൃത്തിയില്ല. പബ്ലിക്ക സർവ്വീസ്സിൽ എല്ലാ സമുദായങ്ങൾക്കും ശരിയായ പ്രാതിനിദ്ധ്യം വേണമെന്നുള്ളതാണ് ഗവമ്മെണ്ടിന്റെ നയം. ഹുസൂർ നിയമങ്ങളെ സംബന്ധിച്ചിടത്തോളം തീരെ ഒഴിച്ചു നിറുത്തിയിരിക്കുകയാണെന്നതാണ് എന്റെ പ്രധാന പരാതി. ഇതുവരെ ഹുസൂറിൽ ഒരധഃകൃതനെയെങ്കിലും നിയമിക്കാൻ സാധിച്ചില്ലെന്നുള്ളതു ഏറ്റവും പരിതാപകരമായ ഒരവസ്ഥവ ആണ്. മിസ്റ്റർ കെ. കെ. മാധവൻ, ബി. എ. പാസ്സായ അവസരത്തിൽ പതിനഞ്ചോ പതിനാറോ ദിവസത്തേയ്ക്കു ഒരു ക്ലർക്കായി അവിടെ നിയമിച്ചു. അതിനുശേഷം ഒരധഃകൃതനെ നിയമിച്ചിട്ടുണ്ടെങ്കിൽ ഒരുപക്ഷെ വല്ല ശിപായി ആയിട്ടോ മറ്റൊ ആയിരിക്കും. ഉത്തരവാദിത്വമുള്ള പല സ്ഥാപനങ്ങളും ഹുസൂറിൽ ഉണ്ടെന്നിരിക്കെ ഇതേരെ ഒരധഃകൃതനെ പോലും ആയതിൽ സ്ഥിരമായി നിയമിക്കാത്ത പരിതാപകരമായ അവസ്ഥ കഴിയുന്നതും വേഗം പരിഹരിച്ചു അധഃകൃതരുടെ പ്രാതിനിദ്ധ്യനില സുരക്ഷിതമാക്കേണമെന്നാണ് എന്റെ വിനീതമായ അപേക്ഷ. ഇതിനെ സംബന്ധിച്ചു വലിയ പ്രസംഗത്തിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എല്ലാപേക്കും അറിയാവുന്ന സംഗതി ആണ്.

ആയതുകൊണ്ടു് വലിയൊരു വിപ്ലവത്തിനിടയാകാത്ത നിലയിൽ ഗവമ്മെണ്ടും ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പർന്മാരും ഈ പ്രശ്നത്തിനു ശരിയായ പരിഹാരം കാണുന്നതിൽ സഹായിക്കണമെന്നു അപേക്ഷിച്ചുകൊണ്ടും ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

Mr. B. V. K. Menon (*Secretary to Government*): I am afraid there is a little misapprehension about these appointments made in the Huzur Secretariat. If the insinuation is that when members of the Depressed Classes were available when vacancies in the Huzur Secretariat

LIBRARY ARCHIVES Kerala Legislative Assembly

arose and they were purposely not posted there, I have to emphatically refute that insinuation. The Hon'ble House is aware that these communities come in the Staff Selection Board scheme under the head Backward and Depressed which comprises about 49 communities and also Pulayas who got a separate quota of appointment. We are most anxious, Staff Selection Board and the Government that whenever a turn in the communal rotation comes to these communities they are immediately absorbed in the post. It was only the day before yesterday, I believe, an application came to the Board for appointment and the only graduate who was available was posted immediately. In the anxiety to give then a post as early as possible the appointment is made up the earliest opportunity and no member is passed over so that he may be appointed to a better vacancy to occur on a furture occasion. That certainly the Staff Selection Board does not do. I hope the House will not ask them to do that. As such it is uncharitable to say that the Government are trying to deny them posts in the Secretariat. We are absorbing them as far as possible whenever vacancies arise at the earliest moment and the only thing that we do is that we do not delay their cases in the hope of future vacancies aising somewhere else or in the Secretariat itself. As the Hon'ble Members are aware whenever vacancies are reported they are classified under the scheme of communal rotation and if unfortunately the vacancy in the Huzur Secretariat comes for example to a Romo Syrian or Nayar or Ezhuva certainly we cannot disturb that rotation and a member from any other cnmmunity cannot be appointed. The position is that we absorb members form their communities as early as possible. Even in the Secretariat, I am afraid the trend of the discussion would show that there are absolutely nobody there from these communities, where as a matter of fact, now there are 9 out of which 7 are from all these classes together, backward and depressed. If the Depressed Class classification as far as the Education Department is concerned is what is meant, I am afraid, there is none.

Mr. L. M. Pylee *(Latin Christians-Ernakulam)*: If there are Depressed Class candidates in other departments why not transfer them to the Secretariat instead of waiting for the Staff Selection Board to make their selection? What I mean is to transfer for example a Depressed Class man from another department to the Secretariat.

Mr. B. V. K. Menn *(Secretary to Government)*: These transfers are not done with regard to officiating posts. Particular persons are appointed to particular vacancies and that vacancy is not given to another man by the Board. If a vacancy is reported a person is appointed by the Staff Selection Board to that vacancy and he cannot be appointed to any other vacancy without a fresh appointment by the Board. Originally a person appointed to a vacancy was appointed to another vacancy by the Departmental Head himself and that was one point specifically recommended not to be done by the Gommittee. By that manipulation one man could be allowed to continue always in a particular office. Unless there is permanency they cannot be drafted to another department. Officiating vacancies are particular vacancies and unless those vacancies are extended a person appointed in that cannot continue. He cannot therefore be taken to any other office. What the Hon'ble Member suggested would be possible if they are permanent hands.

Mr. L. M. Pylee *(Latin Christians-Ernakulam)*: May I know whether any of these are permanent hands ?

Mr. B. V. K. Menon *(Secretary to Government)*: I am not in a position to say now how many permanent hands there are in other departments.

Rao Sahib K. Ayyappan *(Ezhuvas-Kanayannur)*: If there are permanent hands will they be absorbed into the Secretariat ?

Mr. B. V. K. Menon *(Secretary to Government)*: That can be considered when vacancies come up.

Rao Sahib K. Ayyappan *(Ezhuvas-Kanayannur)*: Was there any instance of refusing to appoint them simply because that was not their turn.

Mr. B. V. K. Menon *(Secretary to Government)*: I am not aware of any such happening. I may say that communal rotation would not have been disturbed for anybody.

Rao Sahib K. Ayyappan *(Ezhuvas-Kanayannur)*: Was there any such instance that the appointment was not given on the plea that it was not their turn?

Mr. B. V. K. Menon *(Secretary to Government)* There have never been an instance that the claims of a Depressed class candidate was overlooked on the mere fact that he is a Depressed Class man. There has been never such an instance as far as I know.

Mrs. Dakshayani Velayudhan *(Nominated)*: Sir, will I be allowed to say one word more. The Hon'ble Member for Government said that applicants from the depressed classes are absorbed into service as early as possible.

Mr. President: Order, order. The Hon'ble Member has had her say. I can only allow the Hon'ble Member to ask the Government representative to explain anything in his speech.

LIBRARY ARCHIVES Kerala Legislative Assembly

If anything said by the Secretary I cannot allow her to make a speech. If she wants an explanation she may ask for an explanation.

Mrs. Dakshayani Velayudhan *(Nominated):* Sir, if they are offered a decent job then surely they would accept.

Mr. B. V. K. Menon *(Secretary to Government):* How can we exactly say when a future vacancy will come and the rotation then will be for the Depressed Classes.

Mr. President: Order, order. The discussion on this cut motion is really finished.

Mr. P. K. Dewer *(Nominated):* May I know whether any appointments were made in the Secretariat without consulting the Staff Selection Board.

Mr. B. V. K. Menon *(Secretary to Government):* I do not know. It has not been done in the immediate past and as far as I am aware at any time before. To be exact I would require notice.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: സർ, ബഹുമാനപ്പെട്ട ഗവമ്മേണ്ടുസെക്രട്ടറിയുടെ മറുപടിപ്രകാരം അധഃകൃതരായ ബി. എ. ബിരുദധാരികൾ അപേക്ഷകരായിരുന്നപ്പോൾ ഇപ്പോൾ നിർഭാഗ്യവശാൽ ഒഴിവില്ലാതെപോയി. ഏതായാലും ഗവമ്മേണ്ടു് ഈ കാര്യത്തിൽ അനുഭാവപൂർവ്വം വീക്ഷിക്കാമെന്നു മറുപടിപറഞ്ഞതുകൊണ്ടു ഞാൻ ഈ ഉപേക്ഷപം പിൻ വലിക്കുന്നു.

Cut motion, by leave, withdrawn

CUT MOTION No. 3

Fixing the minimum of Town allowance

Mr. P. K. Dewer *(Nominated):* To reduce the allotment of Rs. 88,200 for Allowances "1—Huzur Secretariat" in demand No. 16 by Rs. 2 *(To urge upon the Government the necessity of fixing the minimum of Town allowance payable to a Government Servant in Mattancheri or Ernakulam at Rs. 12 and in Trichur at Rs. 10 per mensem.*

സർ, ഗവ:മ്മേണ്ടുസർവ്വീസിലെ അവശരും ആശ്രയരഹിതരുമായ കിഴ്ജീവനക്കാരെക്കുറിച്ചുപറയുവാനാണു് ഞാൻ ഉപക്ഷേപംകൊണ്ടുദ്ദേശിക്കുന്നതു്. പലപ്പോഴും അവരെക്കുറിച്ചാലോചിക്കുമ്പോൾ തോന്നാറുണ്ടു്; ട്രേഡ്യൂണിയൻ അടിസ്ഥാനത്തിന്മേൽ അവരെ സംഘടിപ്പിക്കുവാൻ ഗവർമ്മെന്റിയമം അനുവദിച്ചിരുന്നെങ്കിൽ ഇത്രയധികം അവശതകളും അവക്ഷ അനുഭവിക്കേണ്ടിവരികയില്ലായിരുന്നുവെന്നു്. അവരെ സഹായിക്കാൻ എന്നവണ്ണം പലപ്പോഴും പല അനുഗ്രഹങ്ങളും ഗവമ്മേണ്ടിൽനിന്നു കൊണ്ടുവരികയുണ്ടായിട്ടുണ്ടു്. എന്നാൽ ആ അനുഗ്രങ്ങളുടെ സ്വഭാവംകാണുമ്പോൾ അതു അവക്കുവേണ്ടിയല്ല; അവരുടെയുംപേരിൽ സ്ഥാനങ്ങളിലിരിക്കുന്ന ഉദ്യോഗസ്ഥന്മാക്കുവേണ്ടിയാണു് എന്നു ഒരുധാരണപരക്കാനിടയുണ്ടു്. നമ്മുടെ പട്ടണങ്ങളിലെ ജീവിതത്തോതു് സാമാന്യമായി വർദ്ധിച്ചപ്പോൾ ഒരു കിഴുദ്യോഗസ്ഥനു് താമസിക്കാനുള്ള വീടുപോലും കിട്ടാൻനിവൃത്തിയില്ലാതെയായി. വാടകയുടെ കാര്യത്തിൽ എന്തെല്ലാം നിയന്ത്രണങ്ങളുണ്ടെങ്കിലും, പാവപ്പെട്ടവരെ സംബന്ധിച്ചേടത്തോളംപാവപ്പെട്ടവക്കു ആ നിയമം നടപ്പിൽവരുത്താൻ സാധിക്കാത്തകാലത്തോളം, ആ നിയമംകൊണ്ടു അവക്കുയാതൊരുപ്രയോജനവുമില്ല. ഇങ്ങിനെ ജീവിതത്തോതുവർദ്ധിച്ചിരിക്കുന്നതിന്റെപേരിൽ, പ്രത്യേകിച്ചു ടൌൺജീവിതത്തോതുകൂടുതൽ വർദ്ധിച്ചിരിക്കുന്നതിന്റെപേരിൽ ഗവമ്മേണ്ടു് അലവൻസുകൊടുക്കുവാൻ തീരുമാനിച്ചു. ആ അലവൻസു താഴ്ന്ന ഉദ്യോഗസ്ഥരെ എങ്ങിനെ ബാധിക്കുന്നുവെന്നുനോക്കാം. അഞ്ചുപട്ടിണിക്കാരായ, ദിവസത്തിൽ ഒരുനേരംമാത്രം പഴങ്കഞ്ഞിവെള്ളംകുടിച്ചുകഴിയുന്ന ഒരു പത്തുരൂപാക്കാരനായ ശിപായിക്കു ½ രൂപകിട്ടുമ്പോൾ ഒ ാ രൂപാക്കാരനു നൂ രൂപ അലൻസുകിട്ടുന്നുണ്ടു്. അതുപോലെ ഒ ാ രൂപാക്കാരനായ ഒരു സ്കൂൾമാസ്റ്റർക്കു് നൂ രൂപയാണു് കിട്ടുന്നതു്. നിത്യദരിദ്രക്കാരായ ഈ പാവങ്ങൾക്കു ഇങ്ങിനെ വൈഷമ്യമായ സംഖ്യ കിട്ടുമ്പോൾ ഉയർന്നസ്ഥാനങ്ങളിലിരിക്കുന്നവക്കു് വലിയതുകയാണു് കിട്ടുന്നതു്.

ഗവമ്മേണ്ടിന്റെ സദുദ്ദേശത്തെ അനുദരിക്കുന്നതോടൊപ്പം, ഈ അലവൻസു പാവപ്പെട്ടവരേക്കാൾ ഉയർന്നസ്ഥാനങ്ങളിലിരിക്കുന്നവരെ സഹായിക്കാനായി ഗവമ്മേണ്ടുണ്ടാക്കിയതുമാത്രമാണെന്നുള്ള ഒരു ധാരണ ശരിയായൊ തെറ്റായൊ ജനങ്ങളുടെ ഇടയിലുണ്ടായിട്ടുണ്ടെന്നുള്ളപരമാർത്ഥം ഗവമ്മേണ്ടിനെ അറിയിക്കയും, അങ്ങിനെ ഗവമ്മേണ്ടിനെകുറിച്ചു കളങ്കപങ്കിലമായ ഒരു അഭിപ്രായം പ്രചരിക്കുന്നതിനെ തടയാൻവേണ്ടിയെങ്കിലും ഗവമ്മേണ്ടു് ഈ അലവൻസിന്റെകാര്യമൊന്നു പരിശ്ശോധിക്കണമെന്നും ഞാൻ ഗവമ്മേണ്ടിനെ അറിയിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly